Volume 2 Issue 1

# അനുപ്രയോഗങ്ങളുടെ പ്രത്യയസ്വഭാവവും വർഗ്ഗീകരണസാധ്യതയും

വിജിത

ഭാഷയുടെ ഭാവപ്രകാശനസാധ്യതകളെ പ്രകടമാക്കുന്ന ഭാഷാസംവർഗ്ഗങ്ങളിലൊന്നാണ് അനുപ്രയോഗം. ഒരു വ്യാകരണമൂലകമാവുമ്പോഴും അത് വ്യാകരണനിയമങ്ങൾക്കു മുഴുവനായും വഴങ്ങാതെ രൂപപരവും അർത്ഥപരവുമായ സന്ദിഗ്ധതകൾ പ്രകടിപ്പിക്കുന്നു. മുഖ്യധാതുവിന് പരമായിനിന്ന് അതിന്റെ കാലാദ്യർത്ഥങ്ങളെ പരിഷ്കരിക്കുന്ന ധാതുരൂപമായ അനുപ്രയോഗത്തെ, ഭംഗിക്രിയ' ('ല്യ ീള ലഹലഴമിരല), സഹായക്രിയ, സഹായവചനം, ഉപപദം, അനുഗക്രിയ എന്നിങ്ങനെവ്യത്യസ്ത സംജ്ഞകളിലൂടെയാണെങ്കിലും[1] മലയാളവ്യാകരണം ഏറെപ്രാധാന്യത്തോടെ ചർച്ച ചെയ്തിട്ടുണ്ട്. അനുപ്രയോഗങ്ങളുടെ സ്വഭാവസവിശേഷതകൾ കൃത്യമായി നിർണ്ണയിക്കുന്നതിൽ പണ്ഡിതന്മാരെല്ലാം നന്നേ ബുദ്ധിമുട്ടിയിട്ടുണ്ട്. പ്രത്യേകവിഭാഗമായി പരിഗണിച്ച് ചർച്ചചെയ്യുമ്പോഴും അനുപ്രയോഗങ്ങൾക്ക് ഇതരവ്യാകരണസംവർഗ്ഗങ്ങളുമായുള്ള ബന്ധം അവരുടെ ശ്രദ്ധയിൽ പെട്ടിരുന്നു.

ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം(1868), ക്രിയാധികാരത്തിൽ 'സഹായക്രിയകളെന്നപേരിലാണ് അനുപ്രയോഗത്തെചർച്ചയ്ക്കെടുക്കുന്നത്. 'മലയാഴ്മയിൽ ഓരോ ക്രിയകളെ, വല്ല പൂരണം വരുത്തുവാൻ പല ഹേതുന്തരേണ സഹായത്തിനായി ഉപയോഗിക്കുന്നവയാണ് സഹായക്രിയകൾ.

ഗുണ്ടർട്ട് സഹായക്രിയകളെ 'പ്രത്യയക്രിയകൾ' എന്നുവിളിക്കുന്നുണ്ട്. 'അവ കാലക്രിയാപൂരണകേമങ്ങളും മാനാദ്യർത്ഥങ്ങളും ഓരോപ്രത്യയങ്ങൾ പോലെ വരുത്തുകയാൽ ഇക്കൂട്ടർക്ക് 'പ്രത്യയക്രിയകൾ' എന്നു പറയുവാൻ തോന്നിപ്പോകുന്നു.' (1991; 304) . 'പ്രത്യയക്രിയകൾ' എന്നു പറയുമ്പോഴും പ്രത്യയങ്ങളിലുൾപ്പെടുത്താതെ പ്രത്യേകവിഭാഗമായി പരിഗണിക്കുന്നത് അതിന്റെ അനന്യത വ്യക്തമായതുകൊണ്ടായിരിക്കണം. ക്രിയാസ്വഭാവം പ്രകടിപ്പിക്കുന്നുവെങ്കിലും ഏതോ ചില തലങ്ങിൽ അവയ്ക്ക് പ്രത്യയങ്ങളുമായി ബന്ധമുണ്ടെന്ന് ഗുണ്ടർട്ടിന് തോന്നിയതിനു തെളിവായി 'പ്രത്യയക്രിയകൾ' എന്ന പ്രയോഗത്തെ കാണാം. ഇത് കൂടുതൽ വിശദീകരണമർഹിക്കുന്നു. അനുപ്രയോഗങ്ങളുടെ പ്രത്യയത്വംപോലെ പ്രധാനമാണ് അവയെ പ്രത്യയങ്ങളിൽ നിന്ന് വേർതിരിച്ചു കാണുന്നതും.

### അനുപ്രയോഗങ്ങളുടെ പ്രത്യയസ്വഭാവം

സ്വതന്ത്രമായി പ്രയോഗിക്കാനാവാത്തതും പ്രകൃതിയോട് ചേർന്നുനിന്ന് അവയുടെ അർത്ഥത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതും ആയ രൂപങ്ങളാണ് പ്രത്യയങ്ങൾ. വാക്യത്തിലെ മറ്റു പദങ്ങളുമായി പ്രകൃതിയ്ക്കുള്ള ബന്ധം സൂചിപ്പിക്കുന്ന ആശ്രിതരൂപിമങ്ങളാണവ (യീൗിറ ാീൃുവലാല). പ്രത്യയങ്ങൾ ആശ്രിതരൂപിമങ്ങളാണെങ്കിലും എല്ലാ ആശ്രിതരൂപിമങ്ങളും പ്രത്യയങ്ങളാവണമെന്നില്ല. പ്രത്യയങ്ങൾ പ്രകൃതിയോട് ചേർന്നു മാത്രമേ സാർത്ഥകമാവൂ.

അനുപ്രയോഗങ്ങളെ പരിഗണിച്ചാൽ അവയും പ്രാക് ക്രിയയോട് ചേർന്നു നിന്ന് അതിന്റെ അർത്ഥത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നവയാണ്. അവയ്ക്കും പ്രത്യയങ്ങളുടെ ആശ്രിതസ്വഭാവം കാണാം. മുഖ്യക്രിയയോട് ചേരുമ്പോൾ അവ വാച്യാർത്ഥം പൂർണ്ണമായോ ഭാഗികമായോ ഉപേക്ഷിച്ച് മുഖ്യക്രിയയുടെ അർത്ഥത്തെ പരിഷ്കരിക്കുകയാണ് ചെയ്യുന്നത്.

പേന കളഞ്ഞുപോയി
അവൻ ഇരുന്നുകളഞ്ഞു
വീട്ടിൽ പോയിരുന്നു

ഈ ഉദാഹരണങ്ങളിൽ കളഞ്ഞു, പോയി, ഇരുന്നു എന്നിവ പ്രാക്പ്രയോഗമായും അനുപ്രയോഗമായും പ്രത്യക്ഷപ്പെടുന്നതു നോക്കുക. അനുപ്രയോഗമാവുമ്പോൾ അവയുടെ കോശാർത്ഥം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

പ്രത്യയങ്ങൾ പ്രകൃതിയോട് ചേർന്നുമാത്രമേ സാർത്ഥകമാവൂ. അനുപ്രയോഗധാതുക്കൾ ക്രിയകളിൽനിന്നും രൂപപ്പെട്ടവയായതിനാൽ സ്വതന്ത്രമായി നില്ക്കുമ്പോൾ അർത്ഥമുള്ള പദങ്ങളാണ്. കളക, പോക, വരിക ഇവയെല്ലാം ക്രിയാത്വം ഉള്ളവയാണ്. അനുപ്രയോഗമായി വരുമ്പോഴേ ആശ്രിതസ്വഭാവം കാണിക്കുന്നുള്ളൂ.

രൂപനിഷ്പാദനത്തിൽ പ്രത്യയതുല്യമായ പദവിയാണ് അനുപ്രയോഗത്തിനുള്ളത്. എന്നാൽ കാലാനുപ്രയോഗങ്ങൾ എന്ന വിഭാഗത്തിൽ ഏ.ആർ നല്കുന്ന അനുപ്രയോഗധാതുക്കൾക്ക് പ്രത്യയങ്ങളുമായി താരതമ്യേന കൂടുതൽ ബന്ധമുണ്ട്; രൂപത്തിലും ഇത് പ്രകടമാണ്. കാലാനുപ്രയോഗങ്ങളാണ് മേൽക്കുമേൽ പ്രയോഗിക്കാൻ കൂടുതൽ യോഗ്യം. അവയുടെ ഘടന നോക്കുക.മേൽക്കുമേൽ വരുന്ന ധാതുക്കളിൽ ഓരോ അനുപ്രയോഗധാതുവിന്റെയും മുമ്പിലുള്ള ഭാഗം അതിന്റെ പ്രാക്പ്രയോഗമാകും. 'കണ്ടുകൊണ്ടിരുന്നു' എന്നതിൽ 'കണ്ടു', 'കൊള്' എന്ന അനുപ്രയോഗത്തിന്റെയും ' കണ്ടുകൊണ്ട്' എന്ന ഭാഗം 'ഇരുന്നു' എന്ന അനുപ്രയോഗത്തിന്റെയും പ്രക്പ്രയോഗമായിരിക്കും. 'കൊണ്ടിരുന്നു' എന്നതൊരുമിച്ചെടുത്താൽ 'കൊണ്ടു' മാത്രമാണ് പ്രാക്പ്രയോഗം. മുഖ്യക്രിയയുടെ കാലപ്രത്യയം ചേരുന്നത് ഏറ്റവും ഒടുവിലുള്ള അനുപ്രയോഗധാതുവിലായിരിക്കും.

പോയിട്ടുണ്ടായിരുന്നിരിക്കണം.

പോയി + ഇട്ട് + ഉണ്ട് + ആക് + ഇ + ഇരി + ക്ക് + അണം

പ്രാക്ക്രിയാർത്ഥത്തെ തൊട്ടടുത്തുള്ളതോ, ഇടനിലയ്ക്കോ കാലപ്രത്യയത്തിനോ ശേഷം വരുന്നതോ ആയ അനുപ്രയോഗം പരിഷ്കരിക്കുന്നു. അങ്ങനെ കിട്ടുന്ന അർത്ഥത്തെ അടുത്ത അനുപ്രയോഗം വീണ്ടും പരിഷ്കരിക്കുന്നു. ഇങ്ങനെയാണ് അർത്ഥപരിഷ്കരണം നടക്കുന്നത്. അനുപ്രയോഗധാതുക്കൾ മേൽക്കുമേൽ പ്രയോഗിക്കുന്നത് ഭാഷയുടെ രീതിയാണ്. 'പറഞ്ഞുതീർന്നിട്ടുണ്ടായിരുന്നിരിക്കണം' എന്നിങ്ങനെയുള്ള സൂക്ഷ്മാർത്ഥപ്രയോഗങ്ങൾ അർത്ഥം ചോർന്നുപോകാതെ വിവർത്തനം ചെയ്യുന്നത് ഇതരഭാഷക്കാർക്ക് ക്ലേശകരമായിരിക്കും. ഇംഗ്ലീഷിലെ വമ്ല ചേർന്ന ഭൂതകാലരൂപങ്ങളുടെ വിവർത്തനം അനുപ്രയോഗത്തിലൂടേയേ നമുക്ക് നിർവഹിക്കാനാവൂ.

ഭേദകാനുപ്രയോഗങ്ങൾക്ക് നിയമേന ഈ സ്വഭാവമില്ല.എന്നാൽ 'പറഞ്ഞുവെച്ചിരുന്നു' എന്നതിൽ കാലാനുപ്രയോഗവും 'പറഞ്ഞുവെച്ചേക്ക്' തുടങ്ങിയവയിൽ ഭേദകാനുപ്രയോഗവും മേൽക്കുമേൽ വരുന്നതുകാണാം.

വിപുലമായ അർത്ഥത്തിൽ പ്രത്യയങ്ങളെല്ലാം ദ്യോതകവിഭാഗത്തിൽ പ്പെടുന്നവയാണ്. അതായത്, ദ്യോതകങ്ങളിൽപ്പെട്ട നിപാതം. അവ്യയം എന്നിവയുമായും അനുപ്രയോഗങ്ങൾക്ക് ബന്ധമുണ്ടായിരിക്കണം.

ദ്യോതകങ്ങളെ സ്വഭാവമനുസരിച്ച് അവ്യയങ്ങൾ, നിപാതങ്ങൾ എന്നും വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നും ഏ.ആർ. വിഭജിക്കുന്നു. നിപാതങ്ങൾ സ്വഭാവമനുസരിച്ച് ദ്യോതകങ്ങൾ തന്നെയാണ്. എന്നാൽ അവ്യയങ്ങൾ കാലക്രമേണ വാച്യാർത്ഥം മങ്ങി

ദ്യോതകത്വം കൈവന്നവയാണ്. ഗതികളും ഇത്തരത്തിൽ അവ്യയത്വം പ്രകടിപ്പിക്കുന്നു.

## അനുപ്രയോഗവും ഗതിയും

നാമപദസംഹിതയുടെ ഭാഗമായി ഗതികൾ കാരകബന്ധത്തെ കുറിക്കുന്ന വിഭക്തികളെ സഹായിക്കുകയോ വിഭക്തിക്കു പകരംനില്ക്കുകയോ ചെയ്യുന്ന ദ്യോതകങ്ങളാണ്. നാമങ്ങളുടെയോ ക്രിയകളുടെയോ രൂപഭേദങ്ങളാണവ. എന്നാൽ പ്രയോഗത്തിൽ അവയ്ക്ക് നാമധർമ്മവും ക്രിയാധർമ്മവും നഷ്ടപ്പെടുന്നു.

ബസ്സിൽ നിന്ന് യാത്രചെയ്തു /മരത്തിൽനിന്ന് വീണു

മഴകൊണ്ട് നനഞ്ഞു /വടികൊണ്ട് അടിച്ചു.

ഇവിടെ രണ്ടാമത്പറഞ്ഞവയിൽ നിന്ന്, കൊണ്ട് ഇവ നില്ക്കുക, കൊള്ളുക എന്നീ ക്രിയകളിൽനിന്നു രൂപപ്പെട്ട ഗതികളാണ്. അവയ്ക്ക് ആദ്യഗണത്തിലുള്ള ക്രിയാർത്ഥമില്ല. അതുപോലെ ചില നാമങ്ങളോടു ചേരുമ്പോൾ സൂക്ഷ്മമായ അർത്ഥഭേദങ്ങൾ കാണിക്കാനും ഗതികൾക്ക് ശേഷിയുണ്ട്. പ്രഭാകരവാര്യർ നല്കുന്ന ചില ഉദാഹരണങ്ങൾ നോക്കുക (2007, 60).

ഞാൻ അവളെ ബസ്സിൽ കണ്ടു

ഞാൻ അവളെ ബസ്സിൽവെച്ച് കണ്ടു.

ആദ്യവാക്യത്തിൽനിന്ന് വ്യത്യസ്തമായി 'ഞാൻ അവളെ കണ്ടപ്പോൾ ഞാനും ബസ്സിലായിരുന്നു' എന്ന വിശേഷാർത്ഥം നല്കുന്നുണ്ട്, രണ്ടാംവാക്യം. 'വെച്ച്' എന്ന ഗതിയാണിവിടെ അർത്ഥസൂക്ഷമതയ്ക്കു കാരണം. 'വെയ്ക്കുക' എന്ന മൂലാർത്ഥം ഇവിടെ ഇല്ലതാനും.

ഇത് അനുപ്രയോഗങ്ങളുടെ സ്വഭാവംതന്നെയാണ്. അനുപ്രയോഗവും ഇത്തരത്തിൽ പ്രാക്രിയയോട് ചേർന്നുനിന്ന് അർത്ഥസൂക്ഷ്മത വരുത്തുന്നു. സ്വതന്ത്രമായിനില്ക്കെ ക്രിയാത്വമുള്ള ഇവ അനുപ്രയോഗമാവുമ്പോൾ വാച്യാർത്ഥം കളഞ്ഞ് പ്രാക്രിയാർത്ഥത്തെ പരിഷ്കരിക്കുന്നു.

ഗതികൾ നാമങ്ങൾക്കുശേഷവും അനുപ്രയോഗങ്ങൾ ക്രിയകൾക്കുശേഷവുമാണ് പ്രയോഗിക്കുക എന്നതത്രേ ഇവ തമ്മിലുള്ള വ്യത്യാസം. മറ്റുചില സവിശേഷതകൾ നോക്കുക.

ഗോപി അവിടെനിന്ന് പോയി /ഗോപി അവിടെ നിന്നുപോയി

ഈ വാക്യങ്ങളുടെ അർത്ഥഭേദം നോക്കുക.

ഈ വാക്യങ്ങളിൽ ആദ്യത്തേതിലെ 'നിന്ന്' വിനയെച്ചവും, 'പോയി' പൂർണ്ണക്രിയയുമാണ്. 'പോയി'ക്ക് ധാത്വർത്ഥം പ്രകടമാണ്. അടുത്തതിലെ 'നിന്ന്' പൂർണ്ണക്രിയയും, 'പോയി' അനുപ്രയോഗവുമാണ്. സമാനമായി ഗതിയുള്ള വാക്യങ്ങൾ നോക്കാം.

കടയിൽവെച്ച് മറന്നു/കടയിൽ വെച്ചുമറന്നു

ആദ്യവാക്യത്തിൽ 'വെച്ച്' ആധാരികാർത്ഥമുള്ള ഗതിയാണ്. അടുത്തതിൽ 'വെച്ച്' വിന് 'വെയ്ക്കുക' എന്ന ധാത്വർത്ഥം പ്രകടമായിത്തന്നെയുണ്ട്. അപ്പോൾ 'വെച്ച്' വിനയെച്ചവും 'മറന്നു' പ്രധാനക്രിയയുമാകുന്നു. നാമത്തോട് ചേർത്ത് പ്രയോഗിക്കുമ്പോഴാണ് 'വെച്ച്'വിന് ഗതിത്വം കൈവരുന്നത്. വാക്കുകൾക്കിടയിലെ അകലം നിർണായകമാവുന്ന സന്ദർഭങ്ങൾകൂടിയാണിവ. അനുപ്രയോഗവും ഗതിയും തമ്മിൽ ഇത്തരത്തിൽ ബന്ധിപ്പിക്കാനാവും.

മേൽക്കുമേൽപ്രയോഗിക്കാനുള്ളസാധ്യത ഗതികൾക്കില്ല. ആ അർത്ഥത്തിൽ അനുപ്രയോഗം പ്രത്യയസ്വഭാവമാണ് കാണിക്കുന്നത്. എന്നാൽ അനുപ്രയോഗങ്ങൾക്ക് സ്വതന്ത്രാവസ്ഥയിൽ നിലനില്പുണ്ട്. പ്രത്യയങ്ങൾ എല്ലാ സാഹചര്യങ്ങളിലും പ്രകൃതിബദ്ധങ്ങളാണ്.

ഗുണ്ടർട്ട് പരാമർശിച്ച 'പ്രത്യയക്രിയകൾ' എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അനുപ്രയോഗങ്ങൾ ക്രിയയോട് ചേർന്ന് അവയെ പരിഷ്കരിക്കുന്നത്, പ്രത്യയങ്ങൾ പ്രകൃതിയോട് ചേർന്ന് പ്രകൃത്യർത്ഥത്തെ ഭേദിപ്പിക്കുന്നതുപോലെയാണ്. മേൽക്കുമേൽ പ്രയോഗിക്കുന്ന രീതി പ്രത്യയത്തിനുമുണ്ട്. പ്രത്യയങ്ങളെപ്പോലെ, ദ്യോതകവിഭാഗമായ അവ്യയങ്ങളുടെ ആശ്രിതസ്വഭാവം അനുപ്രയോഗങ്ങളും പ്രകടിപ്പിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. കാലക്രമേണ മൂലരൂപം നഷ്ടപ്പെട്ട അവ്യയങ്ങളെപ്പോലെ അനുപ്രയോഗങ്ങൾ ചിലതിനും(ഇരി, ഉൾ, ആക്, ഏക്ക്) രൂപനഷ്ടം സംഭവിച്ചിരിക്കുന്നതും കാണാം. വാച്യാർത്ഥം ഒരു പരിധിവരെ ഉപേക്ഷിച്ച് മുഖ്യക്രിയയുടെ അർത്ഥത്തെ പരിഷ്കരിക്കുന്നവയാണ് അനുപ്രയോഗങ്ങൾ. അതുപോലെ, അവ്യയത്തിലുൾപ്പെട്ട ഗതിയും സ്വാർത്ഥംകളഞ്ഞ് കാരകബന്ധം കാണിക്കുന്ന വിഭക്തികളെ വിളക്കുന്നു. ഗതിയ്ക്ക് നാമരൂപത്തിൽനിന്നു മാറിനിന്നാൽ ധാത്വർത്ഥമാണുള്ളത്. മിക്കഅനുപ്രയോഗങ്ങളും ക്രിയയിൽ നിന്നു വേർപെട്ടാൽ സ്വതന്ത്രാർത്ഥം കാണിക്കുന്നവയാണ്. കൊണ്ട്, വെച്ച് എന്നിവയ്ക്ക് നാമത്തോട് ചേരുമ്പോൾ ഗതിത്വവും ക്രിയയോട് ചേരുമ്പോൾ അനുപ്രയോഗത്വവും കൈവരുന്നത് ശ്രദ്ധിക്കത്തക്കതാണ്. ചുരുക്കത്തിൽ, നാമത്തിന്റെ 'അനുപ്രയോഗം' ഗതിയും ക്രിയയുടെ 'ഗതി' അനുപ്രയോഗവുമാണെന്ന് പറയാം.

## 2.വർഗ്ഗീകരണസാധ്യതകൾ

അനുപ്രയോഗധാതുക്കളെ പ്രാധാന്യത്തോടെ ചർച്ചചെയ്തുതുടങ്ങിയ കാലത്തുതന്നെ അവയെ വർഗ്ഗീകരിക്കാനുള്ള ശ്രമങ്ങളുമുണ്ടായിട്ടുണ്ട്.

ഗുണ്ടർട്ട് സകർമ്മകസഹായക്രിയകൾ, അകർമ്മകസഹായക്രിയകൾ എന്നിങ്ങനെ വിഭജിച്ചപ്പോൾ ജോർജ് മാത്തൻ, വചനത്തിന്റെ ഭാവത്തെ

വിശേഷിപ്പിക്കുന്നവ, സ്വഭാവത്തെ വിശേഷിപ്പിക്കുന്നവ എന്ന് രണ്ടായി വിഭജിച്ചു. വിഭജനത്തിനു പിന്നിലെ യുക്തി വ്യക്തമാക്കാനുള്ള ശ്രമമൊന്നും ഉണ്ടായിട്ടില്ല.

കൂടുതൽ ഗൗരവത്തോടെ അനുപ്രയോഗത്തെക്കുറിച്ച് ചർച്ചചെയ്ത ഏ.ആറാണ് വർഗ്ഗീകരണത്തിൽ ശാസ്ത്രീയത പുലർത്തിയ ആദ്യവൈയാകരണൻ. ഭേദകാനുപ്രയോഗം, കാലാനുപ്രയോഗം, പൂരണാനുപ്രയോഗം എന്ന ഏ.ആറിന്റെ വിഭജനം പിന്നീടുള്ളവരെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

നിഷേധരൂപങ്ങളെ ചേർത്ത് നിഷേധാനുപ്രയോഗത്തെയും, കർമ്മണിരൂപമായ 'പെടുക' യെ ചേർത്ത് കർമ്മണ്യനുപ്രയോഗത്തെയും പിന്നീടുള്ളവർ സ്വാഭിപ്രായമനുസരിച്ച് കൂട്ടിച്ചേർത്തിട്ടുള്ളതായി കാണാം.

പ്രാക്രിയയുടെ അർത്ഥത്തിൽ ചില വിശേഷാർത്ഥങ്ങൾ ചേർക്കുന്ന അനുപ്രയോഗങ്ങളെയാണ് ഏ.ആർ. ഭേദകാനുപ്രയോഗത്തിൽ ഉൾപ്പെടുത്തുന്നത്. കാലാനുപ്രയോഗത്തിലാവട്ടെ, പ്രാക്രിയയുടെ കാലങ്ങളിൽ ചില താരതമ്യം വരുത്തുന്നവയെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പൂരണാനുപ്രയോഗത്തിൽ ഖിലങ്ങളെ പൂരിപ്പിക്കുന്ന 'ആകുന്നു'വിനെയും ചേർക്കുന്നു.

ഏ.ആറിനു ശേഷം തികച്ചും വ്യത്യസ്തമായൊരു വർഗ്ഗീകരണം അനുപ്രയോഗങ്ങൾക്ക് നല്കുന്നത് വി.കെ.ഹരിഹരനുണ്ണിത്താനാണ് (2008). അനുപ്രയോഗങ്ങളെ അദ്ദേഹം മൂന്നായി തിരിക്കുന്നു. പ്രകൃതിയിൽ ഭേദം വരുത്തുന്നപ്രകൃത്യനുപ്രയോഗം, അർത്ഥത്തിനു വൈചിത്ര്യമണയ്ക്കുന്ന ഭേദകാനുപ്രയോഗം, കാലപക്ഷങ്ങൾക്കു മാറ്റം വരുത്തുന്ന പക്ഷകാനുപ്രയോഗം എന്നിങ്ങനെ. അവയ്ക്ക് വീണ്ടും ഉപവിഭാഗങ്ങളുമുണ്ട്.

എന്നാൽ സങ്കേതജടിലമായ ആ വർഗ്ഗീകരണരീതി സുഗ്രാഹ്യമല്ല. പൊതുവെ സ്വീകാര്യമായത് ഏ.ആറിന്റെ വിഭജനരീതിയാണെങ്കിലും പൂരണാനുപ്രയോഗത്തെ പലരും അംഗീകരിക്കുന്നില്ല. അതിനാൽ അനുപ്രയോഗധാതുക്കളായി പരിഗണിച്ചവയ്ക്ക് ഉചിതമായൊരു പുനർവർഗ്ഗീകരണം ആവശ്യമാണ്.

അനുപ്രയോഗധാതുക്കളെ സൂക്ഷ്മമായി പരിശോധിച്ചാൽ അനുപ്രയോഗസ്വഭാവം ഓരോന്നിലും ഏറിയും കുറഞ്ഞുമിരിക്കുന്നതായി കാണാം. കാലാനുപ്രയോഗങ്ങളിൽപ്പെടുന്നവ  ഭേദകാനുപ്രയോഗങ്ങളിൽനിന്ന് വലിയ വ്യത്യാസം പ്രകടിപ്പിക്കുന്നവയാണ്. ഗുണ്ടർട്ട് സൂചിപ്പിക്കുകയും മറ്റുള്ളവർ അത്ര ശ്രദ്ധിക്കാതെ വിടുകയും ചെയ്ത, അനുപ്രയോഗങ്ങളുടെ 'പ്രത്യയസ്വഭാവം' ഭേദകാനുപ്രയോഗങ്ങൾക്ക് അർത്ഥപരമായാണ് പ്രകടമെങ്കിൽ കാലാനുപ്രയോഗങ്ങൾക്ക് രൂപപരമായും അർത്ഥപരമായും

പ്രകടമാണ്. ക്രിയാരൂപംപ്രകടമല്ലാത്ത നിലയാണ് 'ഇരിക്കുന്നു' ഒഴികെയുള്ള കാലാനുപ്രയോഗങ്ങൾക്കുള്ളത്. അവ പ്രാക്രിയയോട് പ്രത്യയങ്ങൾ പോലെ മേൽക്കുമേൽ ചേർക്കാവുന്നവയാണ്.

അനുപ്രയോഗങ്ങളുടെ ഇത്തരം സവിശേഷതകളെ മുൻനിർത്തിയും നിലവിലുള്ള വർഗ്ഗീകരണത്തിലെ സൂക്ഷ്മതക്കുറവ് കണക്കിലെടുത്തും പുതിയ വർഗ്ഗീകരണം ആവശ്യമായി വരുന്നു

രൂപം പരിഗണിച്ച്

പ്രത്യയാനുപ്രയോഗം

പ്രകൃത്യാനുപ്രയോഗം

പ്രത്യയാനുപ്രയോഗം : അനുപ്രയോഗങ്ങളുടെ രൂപം പരിഗണിച്ചാൽ ചില അനുപ്രയോഗങ്ങൾക്ക് പ്രത്യയരൂപവും ചിലവയ്ക്ക് പദരൂപവും ഏറിനില്ക്കുന്നത് കാണാം. ഘടനാപരമായി പ്രത്യയസ്വഭാവം കാണിക്കുന്നവയെ പ്രത്യയാനുപ്രയോഗത്തിലുൾപ്പെടുത്താം. കാലാനുപ്രയോഗങ്ങളൊക്കെ ഈ സ്വഭാവം പ്രകടിപ്പിക്കുന്നവയാണ്. ഇരി, ഉൾ, ആക്, ഏക്ക് ഇവയെ പ്രത്യയങ്ങളെപ്പോലെ ക്രിയയുടെ മേൽക്കുമേൽ പ്രയോഗിക്കാം. രൂപപരമായും ഇവയ്ക്ക് ക്രിയാത്വം നഷ്ടപ്പെട്ടിരിക്കുന്നു.

ഉദാ: പറഞ്ഞിട്ടുണ്ടായിരിക്കും, പറഞ്ഞുവെച്ചേക്കണമായിരുന്നു.

പ്രകൃത്യാനുപ്രയോഗം: രൂപപരമായി പദസ്വഭാവം കൂടിനില്ക്കുന്ന അനുപ്രയോഗങ്ങളെ ഇതിലുൾപ്പെടുത്താം. മിക്ക ഭേദകാനുപ്രയോഗങ്ങളും ഇതിലുൾപ്പെടും.കൊൾ, കള്, പോക്, വെയ്/വെക്ക, വേൺ, പെട്, നോക്ക്, കാൺ, കൊട്, തര്, വര്, കൂട്, കഴി എന്നിങ്ങനെ.

അർത്ഥം പരിഗണിച്ച് :

കാലാനുപ്രയോഗം

ഭാവാനുപ്രയോഗം

ഏ.ആറിന്റെ, ഭേദകാനുപ്രയോഗം, കാലാനുപ്രയോഗം എന്നീ വിഭജനത്തിന് പോരായ്മയുണ്ട്. ഭേദകാനുപ്രയോഗം എന്ന പേരിൽത്തന്നെ പ്രാക്രിയാർത്ഥത്തെ വിശേഷിപ്പിക്കുന്നവ എന്ന അർത്ഥം സന്നിഹിതമാണ്. അനുപ്രയോഗങ്ങളെല്ലാം ഒരു തരത്തിൽ അതുതന്നെയാണ് ചെയ്യുന്നത്. അതിനാൽ അനുപ്രയോഗങ്ങളുടെ അർത്ഥപരിഷ്കരണരീതിയനുസരിച്ച് പുതിയ തരംതിരിവ് നടത്തുന്നു.

കാലാനുപ്രയോഗം: പ്രാക്രിയയുടെ കാലത്തിൽ സൂക്ഷ്മമായ ഭേദങ്ങൾ വരുത്തുന്നവ ഇതിലുൾപ്പെടുന്നു. ഇരി, ഉൾ, ആക്.

ഭാവാനുപ്രയോഗം : പ്രാക്രിയയുടെ അർത്ഥത്തെ പലമട്ടിൽ പരിഷ്കരിക്കുന്നവ ഇതിൽപ്പെടുന്നു. അവ പ്രാക്രിയയിൽ പലഭാവങ്ങൾ ചേർക്കുന്നു. കൊൾ, കള്, പോക്, വെയ്/വെക്ക, വേൺ, പെട്, നോക്ക്, കാൺ, കൊട്,

തര്, വര്, കൂട്, കഴി, ഏക്ക്.

ഈ വിഭജനരീതികൾ കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല. ഉചിതമെന്ന് തോന്നിയ പുതിയരീതികൾ പ്രബന്ധം നിർദ്ദേശിക്കുന്നുവെന്നുമാത്രം. അനുപ്രയോഗങ്ങളുടെ അർത്ഥം നിർണ്ണയിക്കുന്നതിലെ അനിയതത്വം അവയെ വർഗ്ഗീകരിക്കുന്നതിലും കാണാം.

റോബർട്ട് ഡ്രുമ്മണ്ട്(ഭംഗിക്രിയ verb of elegance) 'The Grammar of Malabar Language, ഗുണ്ടർട്ട്(സഹായക്രിയ)മലയാളഭാഷാവ്യാകരണം, ജോർജ്മാത്തൻ (സഹായവചനം) മലയാഴ്മയുടെ വ്യാകരണം,ശേഷഗിരി പ്രഭു(ഉപപദം)വ്യാകരണമിത്രം, വി.കെ. ഹരിഹരനുണ്ണിത്താൻ(അനുഗക്രിയ)വാക്യവും ക്രിയയും മലയാളത്തിൽ.

## ഗ്രന്ഥലേഖനസൂചി

1. എബ്രഹാം, പി. ടി. 2012. മലയാളവ്യാകരണം; ചില വീണ്ടുവിചാരങ്ങൾ, കോട്ടയം : കറന്റ് ബുക്സ്.
2. കുട്ടികൃഷ്ണമാരാര്. 1997(1942). ഭാഷാപരിചയം, കോഴിക്കോട്: പി. കെ. ബ്രദേഴ്സ്.
3. ––– 2004 (1942) മലയാളശൈലി, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം.
4. കൃഷ്ണൻ, എ.എൻ. 1983. 'അനുപ്രയോഗങ്ങൾ' ഭാഷാസാഹിതി, 28. തിരുവനന്തപുരം: കേരളസർവ്വകലാശാല.
5. ഗുണ്ടർട്ട്, ഹെർമൻ. 1991 (1851/1868). മലയാളഭാഷാവ്യാകരണം. കോട്ടയം: ഡിസി. ബുക്സ്.
6. ജോർജ് മാത്തൻ. 2000 (1863). മലയാഴ്മയുടെ വ്യാകരണം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. പ്രഭാകരവാര്യർ, കെ.എം. 2007. ഭാഷാശാസ്ത്ര വിവേകം. കോട്ടയം: ഡിസി ബുക്സ്.
8. രാജരാജവർമ്മ, ഏ.ആർ. 1996 (1896). കേരളപാണിനീയം, സമ്പാ: പുതുശ്ശേരി രാമചന്ദ്രൻ, കോട്ടയം: നാഷണൽ ബുക്സ്.
9. രാജശേഖരൻ നായർ എൻ. 1996. 'അനുപ്രയോഗം കേരളപാണിനീയത്തിൽ'. വ്യാകരണപഠനങ്ങൾ മലയാളവിമർശം 14, കാലിക്കറ്റ് സർവ്വകലാശാല.
10. ശേഷഗിരി പ്രഭു, എം. 1989 (1994). വ്യാകരണമിത്രം. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.
11. ഹരിഹരനുണ്ണിത്താൻ, വി. കെ. 2008. വാക്യവും ക്രിയയും മലയാളത്തിൽ. കോഴിക്കോട്: മാതൃഭൂമി ബുക്സ്.
12. Drummond, Robert. 2002 (1799). The Grammar of Malabar Languages. Trivandrum: The State Institute of Languages.